കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ./സി.4/146/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497 2707699
തിയ്യതി. 13.07.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം)

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം: **ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് 2018-19**-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

-------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം **ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-10, 1-20, 1-25 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1) 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23; 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (എയിംസിൽ)

2) അസി.ഡവലപ്മെന്റ് കമ്മീഷണർ (ഇ-മെയിൽ വഴി)

3) കാര്യാലയപ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.4/146/2018. തീയതി 13.07.2020

# <u>കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(*1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## <u>ആമുഖം</u>

കണ്ണൂർ ജില്ലയിലെ **ഇരിക്കൂർ ബ്ലോക്ക്** പഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 17-10-18 മുതൽ 19-01-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്
സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

**എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബി.സന്തോഷ്,<br>സീനിയർ ഡെപ്യൂട്ടി ഡയരക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 20-01-2020 മുതൽ 28-01-2020 വരെ |

**(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| പേര് | തസ്തിക |
|---|---|
| ശ്രീ. പ്രമോദ്.കെ.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ഉഷ.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മനോഹരൻ എ.വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(സി)നിർവ്വഹണാധികാരികൾ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.വസന്തകുമാരി.ടി | 01.04.2018 മുതൽ<br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.സുനിൽകുമാർ.കെ.എം | 01-04-2018 മുതൽ<br>31-03-2019 വരെ |

**(ഡി) നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീ.കുര്യൻ അബ്രഹാം | 01-04-2018മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനിയർ | ശ്രീ.അനിൽ കുമാർ.പി.വി | 01-04-2018മുതൽ 31.03.2019 വരെ |
| | ശ്രീ.ബാബുരാജ് | 01-04-2018മുതൽ 31.03.2019 |

| | | |
|---|---|---|
| അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | കൊയിലേരിയൻ | വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി. ശ്യാമ എം.എ | 01.04.2018മുതൽ 06-06-2018 വരെ |
| | ശ്രീമതി.ട്വിങ്കിൾ മാത്യു | 07-06-2018മുതൽ 13-06-2018 വരെ |
| | ശ്രീമതി.ശ്രീലത.വി.സി | 14-06-2018മുതൽ 13-07-2018 വരെ |
| | ശ്രീമതി.രാജി.എസ്.മണി | 14-07-2018മുതൽ 16-07-2018 വരെ |
| | ശ്രീ. സജീവ് കുമാർ.പി | 17-07-2018 മുതൽ 31-03-2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. ജീനു.ജെ | 01-04-18 മുതൽ 31.03.2019 വരെ |
| സി.ഡി.പി.ഒ, ഇരിക്കൂർ | ശ്രീമതി.നിർമ്മല.കെ | 01.04.2018 മുതൽ 15.07.2018 വരെ |
| | ശ്രീമതി.അനിത പി വി | 16.07.2018മുതൽ 23.07.2018 വരെ |
| | ശ്രീമതി.ഷീജ വി | 24-07-2018 മുതൽ 31-03-2019 വരെ |
| സി.ഡി.പി.ഒ (ഇരിക്കൂർ അഡീഷണൽ) | ശ്രീമതി.ലേഖ.കെ | 01.04.2018മുതൽ 22.08.2018 വരെ |
| | ശ്രീമതി.നന്ദിനി.കെ | 23.08.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.കാർത്ത്യായനി.പി.കെ | 01.04.2018മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.ശ്രീജേഷ്.കെ | 01.04.2018മുതൽ 25.05.2018 വരെ |
| | ശ്രീമതി.ജാനകി കാവലാൻ | 26.05.2018മുതൽ 25.06.2018 വരെ |
| | ശ്രീ.ബോബി മാത്യൂസ് | 26.06.2018 മുതൽ 31.03.19 വരെ |
| സീനിയർ വെറ്റിനറി സർജൻ | ഡോ.അനിൽ വർഗ്ഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |


| | **ഉള്ളടക്കം** | |
|---|---|---|
| **ക്രമ നം.** | **ഭാഗം** | **ഖണ്ഡിക നമ്പർ** |
| | **ഭാഗം 1-ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| | | |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർ ഷികകണക്കിലെ അപാകങ്ങൾ | 1-9 |
| 10 | സാംഖ്യ രശീതുകൾ വഴി പിരിച്ചെടുക്കുന്ന തുകകളുടെ കൃത്യതയും സുതാര്യതയും ഉറപ്പ് വരുത്തുന്നില്ല | 1-10 |
| 11 | ലേലം - ഭരണസമിതി തീരുമാനം നടപ്പിലാക്കേണ്ടതാണ്. | 1-11 |
| 12 | ക്ഷേമനിധി- കളക്ഷൻ ചാർജ് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. | 1-12 |
| 13 | ഇ-ടെണ്ടർ ഫീസ് -തുക ലഭ്യമാക്കേണ്ടതാണ്. | 1-13 |
| 14 | ആദായ നികുതി റിട്ടേണുകൾ -പ്രൊഫഷണൽ ചാർ ജൊടുക്കുന്നത് ഒഴിവാക്കേണ്ടതാണ്. | 1-14 |
| 15 | മെഡിക്കൽ ഓഫീസർ ,സി എച്ച് സി -നിർ വ്വഹണഅപാകങ്ങൾ-1,53,511/-രൂപ തടസ്സപ്പെടുത്തുന്നു. | 1-15 |
| 16 | ഭിന്നശേഷിക്കാർക്ക് സ്കൂട്ടറും വയോജന വിശ്രമകേന്ദ്രത്തിന് ഉപകരണങ്ങളും-രേഖകളുടെ അഭാവത്തിൽ 6,44,379/- രൂപ തടസ്സപ്പെടുത്തുന്നു. | 1-16 |
| 17 | അങ്കണവാടി റിംഗ് കമ്പോസ്റ്റ് വിതരണം - സാക്ഷ്യപത്രം ലഭ്യമാക്കിയില്ല -₹ 2,34,980/- തടസ്സപ്പെടുത്തുന്നു. | 1-17 |
| 18 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ-അനുബന്ധ രേഖകളുടെ അഭാവത്തിൽ ₹2,98,621/- രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 19 | വയോജന വിശ്രമമന്ദിരത്തിന് മോട്ടോറും ടിവിയും വാങ്ങൽ- സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല-₹34,463 തടസ്സപ്പെടുത്തുന്നു | 1-19 |
| 20 | അപ്രോച്ച് റോഡില്ലാതെ പാലം നിർമ്മാണം- മടക്കൽപാലം പൂർത്തിയായി ഒരു വർഷം പിന്നിട്ടിട്ടും ഗതാഗത യോഗ്യമായില്ല. | 1-20 |
| 21 | കരാറിലേർപ്പെടാതെ ഡെപ്പോസിറ്റ് പ്രവൃത്തി-മാർഗ്ഗരേഖക്ക് വിരുദ്ധം | 1-21 |
| 22 | ടാക്സി സ്റ്റാന്റ് ടോയ് ലറ്റ്-പൊതുജനങ്ങൾക്ക് ഉപയോഗക്ഷമമാകുന്നില്ല. | 1-22 |
| 23 | ഹരിതകേരളമിഷൻ- ശുചിത്വബോർഡ് സ്ഥാപിക്കൽ -രേഖകളുടെ അഭാവത്തിൽ 57,832/-രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 24 | തുല്യതാ കോഴ്സ് ഫീസ്- ഗ്രാമ പഞ്ചായത്തുകൾ ആനുകൂല്യം നൽകിയിട്ടില്ലെന്ന് ഉറപ്പ് വരുത്തിയിട്ടില്ല- ചെലവ് തുക 92,500/- രൂപ -തടസ്സപ്പെടുത്തുന്നു. | 1-24 |
| 25 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ | 1-25 |

| | | |
|---|---|---|
| | പ്രൊജക്ടുകൾ-ഫയലുകൾ, രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല 15,38,484/- രൂപ തടസ്സപ്പെടുത്തുന്നു. | |
| 26 | വിവിധ പ്രോജക്ടുൾ-97,37,543/- രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-26 |
| | **ഭാഗം 2-വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | ഇല്ല |
| | **ഭാഗം 3-ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | ഇല്ല |
| | **ഭാഗം 4-പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 27 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 28 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത റിപ്പോർട്ട് | 4-8 |
| 35 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 39 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 40 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഇരിക്കൂർ ബ്ളോക്ക് പഞ്ചായത്തിൻെറ 2018-19 വർഷത്തെ ബജറ്റ് 14-02-18 തീയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 3,86,02,120 |
| വരവ് | 23,69,77,712 |
| ആകെ | 27,55,79,832 |
| | |

| | |
|---|---|
| ചെലവ് | 26,59,87,250 |
| നീക്കിയിരിപ്പ് | 95,92,582 |

പുതുക്കിയ ബജറ്റ് അംഗീകരിച്ചതിൻെറ വിവരം മിനുട്സിൽ ചേർത്തുകാണുന്നില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2019 | 10-6-2019 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,15,02,995 |
| വരവ് | 11,47,08,610 |
| ആകെ | 14,62,11,605 |
| ചെലവ് | 9,38,70,752 |
| നീക്കിയിരിപ്പ് | 5,23,40,853 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 5,27,42,000 | 5,27,42,000 | 5,16,62,156 | 10,79,844 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 39,54,000 | 39,54,000 | 39,54,000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 47,47,000 | 47,47,000 | 31,67,995 | 15,79,005 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 62,51,000 | 62,51,000 | 61,28,302 | 1,22,698 |
| **കേന്ദ്രാവിഷ്കൃത** | | | | | |

| | | | | | |
|---|---|---|---|---|---|
| ഫണ്ടുകൾ | | | | | |
| ഐ.ഡബ്ല്യു.എം.പി | 91,018 | 82,59,094 | 83,50,112 | 18,33,688 | 65,16,424 |
| ടി.എസ്.സി. | 56,926 | 48,601 | 1,05,527 | 96,925 | 8,602 |

(പ്രത്യേകമായി എ സി ആർ സൂക്ഷിക്കാത്തതിനാൽ തനത് ഫണ്ട് തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.)

# 1-5 പദ്ധതി അവലോകനം

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 166 | 98799397 | 125 | 68562661 | 10 | 41 | 115 | 69.28 |

<u>2-പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ-ഇല്ല.</u>

<u>3-നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് | | |
|---|---|---|---|---|---|
| | | | അടങ്കൽ തുക | ചെലവായ തുക | ശതമാനം |
| സി ഡി പി ഒ ഇരിക്കൂർ | 17 | 15 | 53,11,980 | 39,61,842 | 74.58 |
| സെക്രട്ടറി | 27 | 26 | 2,60,51,283 | 2,15,76,791 | 82.82 |
| മെഡിക്കൽ ഓഫീസർ, സിഎച്ച്സി ഇരിക്കൂർ | 5 | 5 | 30,60,300 | 24,46,649 | 79.95 |
| എസ്.സി. ഡി. ഒ | 6 | 2 | 928500 | 184463 | 19.87 |
| അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 3 | 3 | 1038122 | 759234 | 73.14 |
| അസിസ്റ്റന്റ് ഡയറക്ടർ വെറ്റിനറി | 5 | 4 | 3,48,000 | 2,77,251 | 79.67 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 25,15,000 | 25,12,700 | 99.91 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 | 3 | 2980380 | 2359874 | 79.18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 97 | 65 | 56465832 | 34483857 | 61.07 |
| വ്യവസായ വികസന ഓഫീസർ | 1 | 0 | 100000 | 0 | 0 |
| ആകെ | 166 | 125 | 98799397 | 68562661 | 69.40 |

പട്ടികജാതി വികസന ഓഫീസർ, വ്യവസായ വികസന ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതിനിർവ്വഹണത്തിൽ പുരോഗതി കൈവരിച്ചിട്ടില്ല.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതത് പദ്ധതി വർഷം അനുവദിക്കുന്ന സംസ്ഥാന ഫണ്ടുകളിൽ തൻവർഷം ചെലവഴിക്കാത്ത തുക പഞ്ചായത്തിന് നഷ്ടമാകുമെന്നിരിക്കെ, ലഭ്യമായ പദ്ധതി പണം പൂർണ്ണമായി വിനിയോഗിച്ച് പദ്ധതിപ്രവർത്തനവും അടിസ്ഥാന സൗകര്യവികസനവും മെച്ചപ്പെടുത്തുവാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ

ആസൂത്രണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്ക് സുപ്രധാനമാണ്. അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആഴത്തിൽ പരിശോധിച്ച്, സ്ഥാപനത്തിന്റെ പ്രത്യേകതകൾക്ക് ഇണങ്ങുന്നതും ജനങ്ങൾക്ക് ആവശ്യമുള്ളതുമായ പദ്ധതികൾ രൂപീകരിക്കുകയും നിർദേശിക്കുകയും ചെയ്യുക, പദ്ധതികളുടെ നടത്തിപ്പിന്റെ മോണിറ്ററിങ്ങ് നടത്തുക എന്നിങ്ങനെയുള്ള സുപ്രധാനമായ ഉത്തരവാദിത്തങ്ങളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർവ്വഹിക്കാനുള്ളത്. എന്നാൽ ഈ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളിലെ അംഗസംഖ്യ 15 ലേറെയുണ്ടെങ്കിലും യോഗങ്ങളിലെ ഹാജർ നില വളരെ കുറവാണ്. പദ്ധതി പ്രവർത്തന പുരോഗതി സംബന്ധിച്ച ഇടക്കാല വിലയിരുത്തൽ നടത്തുക, പദ്ധതികളുടെ സുഗമമായ പൂർത്തീകരണവും ലക്ഷ്യപ്രാപ്തിയും ഉറപ്പു വരുത്തുന്ന വിധത്തിൽ കൃത്യമായ മോണിറ്ററിങ്ങ് നടത്തുക തുടങ്ങിയ ഉത്തരവാദിത്തം നിർവ്വഹിക്കാൻ പര്യാപ്തമായ തലത്തിലേക്ക് വർക്കിംഗ് ഗ്രൂപ്പുകളെ ഉയർത്തേണ്ടതുണ്ട്.

# 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-01-2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല.

# 1-7 ആഭ്യന്തരനിയന്ത്രണം

2018-19ലെ സ്റ്റാഫ് മീറ്റിംഗ് മിനുട്സ്, ഓഫീസ് ഉത്തരവ് രജിസ്റ്റർ ഇവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ കണ്ടെത്താനായില്ലെന്ന മറുപടിയാണ് ഓഡിറ്റിൽ ലഭ്യമാക്കിയത്. രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ കാര്യക്ഷമതയില്ലായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. രശീതുകളുടെ കൈകാര്യത്തിലും മേൽനോട്ടത്തിലും വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. (ഖണ്ഡിക 1-10 കാണുക) ഇക്കാര്യത്തിലുള്ള വീഴ്ച സാമ്പത്തിക

ക്രമക്കേടുകൾക്ക് കാരണമായേക്കാവുന്നതാണ്. അതാത് ദിവസത്തെ വരവുതുകകൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ പരിശോധിച്ചുറപ്പു വരുത്തേണ്ടതും രശീതി പരിപാലനത്തിൽ സുതാര്യത ഉറപ്പുവരുത്തേണ്ടതും ഇക്കാര്യത്തിൽ നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കുന്നുവെന്നും ഉറപ്പു വരുത്തേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്തിൻെറ 16-11-18 ലെ 14(2) തീരുമാനപ്രകാരം, ബ്ലോക്ക് പഞ്ചായത്തിൻെറ അധീനതയിലുള്ളതും രേഖ കൈവശം ഇല്ലാത്തതുമായ സ്ഥലത്തിൻെറ ഭൂനികുതിയൊടുക്കുന്നതിനുള്ള നടപടികൾക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൻെറ അധീനതയിലുള്ള സ്ഥലത്തിൻെറ രേഖ കൈവശപ്പെടുത്തേണ്ടതും ഭൂനികുതിയൊടുക്കിയും അതിരുതിരിച്ചും ആസ്തിരജിസ്റ്ററിൽ ചേർത്തും സ്ഥലം സംരക്ഷിക്കേണ്ടതുമാണ്.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-07-19 മുതൽ 01-08-19 വരെ | 01-04-18മുതൽ 31-03-2019 വരെ | 13-12-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-02-2015 | 2009-10മുതൽ 2013-14 വരെ | 22-05-2015 |

# 1-9 വാർഷിക കണക്കിലെ അപാകതകൾ

2018-19 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക ധനകാര്യ പത്രികയോടൊപ്പം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ് ചട്ടങ്ങൾ) 2011,ചട്ടം 62ൽ നിർദ്ദേശിച്ച പ്രകാരമുള്ള താഴെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

a) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) സംബന്ധിച്ച വിവരങ്ങൾ

b) പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ .

2. വാടക വരവ് സംബന്ധിച്ച് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് കലക്ഷൻ വിവരവും വാടക വരവ് രജിസ്റ്റർ പ്രകാരമുള്ള കണക്കും പൊരുത്തപ്പെടുന്നില്ല .

3.ലോൺ രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

# 1-10 സാംഖ്യ രശീതുകൾ വഴി പിരിച്ചെടുക്കുന്ന തുകകളുടെ കൃത്യതയും സുതാര്യതയും ഉറപ്പ് വരുത്തുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ 20.10.2018 മുതൽ 19.1.2020 വരെയുള്ള കാലയളവിൽ സാംഖ്യ രശീതു വഴി അക്കൗണ്ട് ചെയ്ത വരവുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

**1. സാംഖ്യ രശീതുകളിലെ തുകയുടെ വിവരങ്ങളും തിയ്യതിയും പ്രിന്റ് ചെയ്യുന്നതിനു പകരം പേന കൊണ്ട് എഴുതി ചേർക്കുന്നു**

18.7.2018ന് സ്ഥാപനത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതും വരവ് തുക രശീത് ചെയ്യുന്നതിനുമായി ഉപയോഗിച്ചതുമായ സാംഖ്യ രശീതു നമ്പർ 8217038 മുതൽ 8217056 വരെയും 8217060 മുതൽ 8217081വരെയും

രശീതുകളിൽഅക്കൗണ്ട് ചെയ്യപ്പെട്ട തുകകൾ പ്രിന്റ് ചെയ്യുന്നതിനുപകരം പേന കൊണ്ട് എഴുതി ചേർക്കുകയാണ് ചെയ്തത് . വിശദാംശങ്ങൾ താഴെ നൽകുന്നു.

| സാംഖ്യ രശീത് നം | തുക പിരിച്ചെടുത്ത തിയ്യതി | രശീതിയിൽ രേഖപ്പെടുത്തിയ തുക |
|---|---|---|
| 8217038 | 26.12.2018 | 9146/- |
| 8217039 | 28.12.2018 | 2006/- |
| 8217040 | 29.12.2018 | 3450/- |
| 8217041 | 4.1.2019 | 2860/- |
| 8217042 | 5.1.2019 | 950/- |
| 8217043 | 10.1.2019 | 560/- |
| 8217044 | 10.1.2019 | 1680 |
| 8217045 | 10.1.2019 | 1680/- |
| 8217046 | 10.1.2019 | 1120/- |
| 8217047 | 10.1.2019 | 1120/- |
| 8217048 | 11.1.2019 | 17346/- |
| 8217049 | 11.1.2019 | 10273/- |
| 8217050 | 11.1.2019 | 2464/- |
| 8217051 | 15.1.2019 | 18480/- |
| 8217052 | 19.1.2019 | 48000/- |
| 8217053 | 28.1.2019 | 8530/- |
| 8217054 | 29.1.2019 | 2006/- |
| 8217055 | 2.2.2019 | 472/- |
| 8217056 | 2.2.2019 | 17500/- |
| 8217060 | 7.9.2019 | 74000/- |
| 8217061 | 17.9.2019 | 595/- |
| 8217062 | 23.9.2019 | 2125/- |
| 8217063 | 23.9.2019 | 5416/- |
| 8217064 | 22.10.2019 | 894/- |
| 8217065 | 28.10.2019 | 595/- |
| 8217066 | 12.11.2019 | 595/- |
| 8217067 | 19.11.2019 | 2125/- |
| 8217068 | 19.11.2019 | 42143/- |
| 8217069 | 20.11.2019 | 5370/- |
| 8217070 | 5.12.2019 | 896/- |
| 8217071 | 5.12.2019 | 896/- |

| | | |
|---|---|---|
| 8217072 | 6.12.2019 | 171272/- |
| 8217073 | 7.12.2019 | 448/- |
| 8217074 | 7.12.2019 | 48,000/- |
| 8217075 | 11.12.2019 | 2107/- |
| 8217076 | 13.12.2019 | 60,000/- |
| 8217077 | 18.12.2019 | 5370/- |
| 8217078 | 30.12.2019 | 1344/- |
| 8217079 | 3.1.2020 | 672/- |
| 8217080 | 6.1.2020 | 6720/- |
| 8217081 | 18.1.2020 | 2022/- |

സാംഖ്യ രശീതിയിൽ രശീതിനമ്പർ പ്രിന്റ് ചെയ്യുകയും മറ്റ് വിവരങ്ങളായ രശീതിചെയ്യുന്ന തുക, തിയ്യതി, ഏത് ആവശ്യത്തിന് തുക ഒടുക്കുന്നു എന്നീവിവരങ്ങൾ പ്രിന്റ് ചെയ്യാതെ കാർബൺ പേപ്പർ പോലും ഉപയോഗിക്കാതെ പേനകൊണ്ട് എഴുതിചേർക്കുന്നത് ക്രമപ്രകാരമല്ല . പ്രിൻറർ തകരാർ കാരണമാണ് ഇപ്രകാരം ചെയ്യുന്നതെന്നാണ് വാക്കാൽ വിശദീകരിക്കപ്പെട്ടത്.സാംഖ്യയിൽ രശീത് പ്രിൻറ് ചെയ്ത ശേഷം എന്തെങ്കിലും പേരായ്മകൾ ശ്രദ്ധയിൽപെട്ടാൽ ആയത് റദ്ദാക്കാമെന്നിരിക്കെ ഇപ്രകാരം ചെയ്തത് അക്കൗണ്ടിംഗ് ചട്ടങ്ങളുടെ ലംഘനവും, അക്കൗണ്ടിംഗിലെ സുതാര്യത ഇല്ലാതാക്കുന്നതുമാണ് .

**<u>2)സാംഖ്യ രശീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല</u>**

രശിത് നം- 8217057, 8217058, 8217059 എന്നീ രശീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. . ഈ രശീതുകൾ വഴി പിരിച്ചെടുത്ത തുകകൾ രശീത് ബുക്ക് കലക്ഷൻ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും രശീതുകൾ ലഭ്യമാക്കാത്തതിനാൽപിരിച്ചെടുത്ത തുക തന്നെയാണോ കലക്ഷൻ ബുക്കിൽ ചേർത്ത് പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചത് എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

**<u>3)സാംഖ്യ രശീതിൽ രേഖപ്പെടുത്തിയ തുകയും അക്കൗണ്ട് ചെയ്യപ്പെട്ട തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല-രശീതി അനുവദിക്കാതെ തുക ഈടാക്കുന്നു</u>**

20.10.2018 തീയ്യതിയിൽ സാംഖ്യ രശീതി നമ്പർ 8217024 പ്രകാരം പിരിച്ചെടുത്ത തുക 17825/- രൂപയാണ്. എന്നാൽ പ്രസ്തുത തിയ്യതിക്ക് 55,325/- രൂപയാണ് രശീത് ബുക്ക്കലക്ഷൻ രജിസ്റ്ററിലും അന്തിമമായി കലക്ഷൻ തുകകൾ രേഖപ്പെടുത്തുന്ന സ്പെഷൽ ടി.എസ്.ബി 6 രജിസ്റ്ററിലും രേഖപ്പെടുത്തിയതും പഞ്ചായത്ത്ഫണ്ടിൽ വരവ് വെച്ചതും. ആകെ വരവ് രേഖപ്പെടുത്തിയ 55,325/-രൂപയിൽ 37,500/-രൂപയ്ക്ക് രശീത് അനുവദിച്ചതായി കാണുന്നില്ല. 20.10.2018 ന്റെ സാംഖ്യ ക്യാഷ് ബുക്കിൽ 37,500/-രൂപയുടെ വരവ് 'ഐ.എ.വൈ - റീഫണ്ട്' എന്ന ഇനത്തിൽ കാണിച്ചിട്ടുണ്ട്. രശീത് നൽകാതെ തുക ഈടാക്കിയതെങ്ങിനെയെന്ന് വ്യക്തമല്ല. ഇപ്രകാരമുള്ള നടപടികൾ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങൾ) ചട്ടം 20, കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1 ആർടിക്കിൾ 7(1) എന്നിവയുടെ ലംഘനമാണ്. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ(17/27-1-2020)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചൂണ്ടിക്കാണിച്ച അപാകങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

# 1-11 ലേലം - ഭരണസമിതി തീരുമാനം നടപ്പിലാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന ഇനങ്ങൾ ലേലം ചെയ്യുന്നതിന് ഭരണസമിതി

വിവിധങ്ങളായ തീയ്യതികളിലെ യോഗങ്ങളിൽ തീരുമാനമെടുത്തിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഭരണസമിതി തീരുമാനം | ഇനം |
|---|---|---|
| 1 | 5/ 30-04-18 | ബ്ലോക്ക് ഓഫീസ് കോമ്പൌണ്ടിൽ മുറിഞ്ഞു വീണ മരം |
| 2 | 6/30-04-18 | മയ്യിൽ വിത്ത് സംഭരണ കേന്ദ്രത്തിലെ പഴയ ഫർണിച്ചറും മറ്റും |
| 3 | 7/(5)/26-05-18 | ചൂളിയാട് പഴയ വിഇഒ ഓഫീസ് കോമ്പൌണ്ടിലെ വാകമരം |
| 4 | 10(7) / 31-10-18 | ശ്രീകണ്ഠാപുരം വിഇഒ ഓഫീസ് പറമ്പിലെ 3 വാക മരങ്ങൾ |
| 5 | 12(1) / 16-11-18 | ബ്ലോക്ക് ഓഫീസിലെ ഉപയോഗശൂന്യമായ ഫർണിച്ചറുകൾ |
| 6 | 14(5) /16-11-18 | ബ്ലോക്ക് ഓഫീസ് ഹാൾ നവീകരണത്തിന്റെ ഭാഗമായി ഉപയോഗശൂന്യമായ ഫർണിച്ചറുകൾ |
| 7 | 2(4) /31-01-19 | ബ്ലോക്ക് ഓഫീസിലെ പഴയ ഇലക്ട്രോണിക്ക് സാധനങ്ങൾ |

എന്നാൽ മേൽ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം 9/24-01-20 ). ലേല നടപടികൾ സ്വീകരിച്ച് വരവ് തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

# 1-12 ക്ഷേമനിധി- കളക്ഷൻ ചാർജ് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് ആക്ട് 1996 (ആക്ട് ഓഫ് 1996) ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ് തുകയുടെ 1% ചെലവിന്റെ ഉറവിടത്തിൽ നിന്നു തന്നെ വസൂലാക്കി കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ അടക്കുന്നതിനും ഇപ്രകാരം വസൂലാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജിനത്തിൽ അതതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കി തനത് ഫണ്ടിൽ ഒടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2018-19 വർഷത്തിൽ 1,28,824 /-രൂപ ഉറവിടത്തിൽ നിന്നു തന്നെ വസൂലാക്കി കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ അടച്ചിട്ടുണ്ട്. മേലിൽ ഇപ്രകാരം ഈടാക്കുന്ന തുകയിൽ നിന്നും ഒരു ശതമാനം കളക്ഷൻ ചാർജിനത്തിൽ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

# 1-13 ഇ-ടെണ്ടർ ഫീസ് -തുക ലഭ്യമാക്കേണ്ടതാണ്

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ ടെണ്ടറുകളുടെ, ടെണ്ടർ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ഈ ഇനത്തിൽ നാളിതുവരെയുള്ള തുകയുടെ വിവരം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 22/27-01-20 മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 ആദായനികുതി റിട്ടേണുകൾ -പ്രൊഫഷണൽ ചാർജൊടുക്കുന്നത് ഒഴിവാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലും ജീവനക്കാരുടെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് പ്രൊഫഷണൽചാർജിനത്തിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്ന് തുക

അനുവദിച്ചിട്ടുണ്ട്. ചെലവ് തുകയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | ചെക്ക് നമ്പർ/ തീയ്യതി | ചെലവ് തുക ( ₹ ) | തുകകൈപ്പറ്റിയ സ്ഥാപനം/ ക്യാഷ് ബിൽനം | റിമാർക്സ് |
|---|---|---|---|---|
| 1 | 261770/7.4.18 | 300/- | ചാർട്ടേഡ് കൺസൾട്ടൻസി സെന്റർ , കണ്ണൂർ/15855/ 18.1.18 | മണിക്കടവ് ക്ഷീരവികസന ഓഫീസ് ജീവനക്കാരുടെ 2017-18 വർഷത്തെ റിട്ടേൺ സമർപ്പിക്കൽ |
| 2 | 2617420/4.6.18 | 500/- | accfin Business consultancy – south bazar kannur /ABC/18-19/069 | ബി.ഡി.ഒ ഓഫീസ് ജീവനക്കാരുടെ റിട്ടേൺ സമർപ്പിക്കുന്നതിന് |
| 3 | 2617445/28.7.18 | 300/- | ചാർട്ടേഡ് കൺസൾട്ടൻസി സെന്റർ ,കണ്ണൂർ/16925-27.4.2018 | മണിക്കടവ് ക്ഷീര വികസന ഓഫീസ് ജീവന ക്കാരുടെ 2018-19 വർഷത്തെ റിട്ടേൺ സമർപ്പിക്കൽ |
| 5 | 2617465/18.8.18 | 450/- | accfin Business consultancysouth bazar kannur/ ABC/18-19/1611.8.2018 | ബി.ഡി.ഒ ഓഫീസ് ജീവനക്കാരുടെ റിട്ടേൺ സമർപ്പിക്കുന്നതിന് |
| 6 | 2617467/ 20.8.2018 | 800/- | തുക ഒടുക്കിയ രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല - | എക്സിക്യൂട്ടിവ് എഞ്ചിനിയറിംഗ് ഓഫീസിലെ ജീവനക്കാരുടെ റിട്ടേൺ സമർപ്പിക്കുന്നതിന് |
| 7 | 2617811/1.11.2018 | 1,050/-* (26Q,24Qഎന്നിവയുടെ പ്രൊഫ ഷണൽചാർജ് ഒരുമിച്ച അടവാക്കിയതിനാൽ 26Qവിന് നൽ കിയതുകയും ഇതിൽഉൾപ്പെടുന്നു ) | accfin Business consultancy south bazar kannur/ ABC/18-19/280 31.10.2018 | ബി.ഡി.ഒ ഓഫീസ് ജീവനക്കാരുടെ റിട്ടേൺ സമർപ്പിക്കുന്നതിന് |
| 8 | 2617824/26.11.2018 | 300/- | ചാർട്ടേഡ് കൺ | ഇരിക്കൂർ ക്ഷീര |

| | | | | |
|---|---|---|---|---|
| | | | സൾട്ടൻസി സെന്റർ-കണ്ണൂർ /19084/12.11 .18 | വികസന ഓഫീസ് ജീവനക്കാരുടെ 2018-19 വർഷത്തെ റിട്ടേൺ സമർപ്പിക്കൽ |
| 9 | 2617886/13.2.2019 | 500/- | accfin Business consultancy – south bazar kannur/ ABC/18-19/424 6.2.2019 | ബി.ഡി.ഒ ഓഫീസ് ജീവനക്കാരുടെ റിട്ടേൺ സമർപ്പിക്കുന്നതിന് |
| | ആകെ | 4200/- | | |

ജീവനക്കാരുടെ ആദായ നികതി റിട്ടേണുകൾ സമർപ്പിക്കുന്നത് ഓഫീസ് മേധാവിയുടെ ചുമതലയിൽപ്പെടുന്ന കാര്യമാണ് . ഓഫീസുകളിൽ ഓൺലൈൻ സൗകര്യവും, ടെക്നിക്കൽ സ്റ്റാഫിന്റെ സേവനവും ലഭ്യമായിട്ടും സ്വകാര്യ ഏജൻസിക്ക് ഡാറ്റാഎൻട്രി/പ്രൊഫഷണൽ ചാർജ് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രൊഫഷനൽ ചാർജിനത്തിൽ നൽകിയ 4200/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-15 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി - നിർവ്വഹണ അപാകങ്ങൾ - 1,53,511/- രൂപ തടസ്സപ്പെടുത്തുന്നു-61,599/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ | 59/18-19 |
| പ്രോജക്ടിൻെറ പേര് | മയ്യിൽ സിഎച്ച്സിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 6,00,000/-രൂപ – മെയിന്റൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 6,00,000/-രൂപ |
| ബിൽ നമ്പർ | 14/12-10-18 ₹ 6,00,000/- |

മേൽ പ്രോജക്ട് പ്രകാരം മയ്യിൽ സിഎച്ച്സിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 6,00,000/-രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് മുൻകൂറായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 61,599/-രൂപയുടെ മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2) ഫർണിച്ചറുകൾ വാങ്ങിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല – ₹153511 തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് | മയ്യിൽ സി എച്ച് സി യിൽ ഫർണ്ണിച്ചർ |
| പ്രോജക്ട് നമ്പർ | 184/18-19 |
| അടങ്കൽ | ₹ 256500 മെയിന്റൻസ് ഫണ്ട്(റോഡിതരം) |
| ചെലവ് | ₹ 174705 |

| | |
|---|---|
| ബിൽ നമ്പർ | 1) 19 /18-19 , 16-02-19 ₹ 21194<br>2) 21 /18-19 , 04-03-19 ₹ 153511 |

മേൽ ക്രമ നമ്പർ 2 പ്രകാരം റബ്കോ, കണ്ണൂരിൽ നിന്നും മയ്യിൽ സി എച്ച് സി യിലേക്ക് ഷെൽഫ് - 2 , കമ്പ്യൂട്ടർ ടേബിൾ - 1 , എക്സിക്യൂട്ടീവ് വിസിറ്റേഴ്സ് ചെയർ-9 എണ്ണം എന്നീ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഫർണിച്ചറുകൾ വാങ്ങിയതിന്റെ വിലയായ 1,53,511 രൂപ തടസ്സപ്പെടുത്തുന്നു . സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-16 ഭിന്നശേഷിക്കാർക്ക് സ്കൂട്ടറും വയോജനവിശ്രമകേന്ദ്രത്തിന് ഉപകരണങ്ങളും-രേഖകളുടെ അഭാവത്തിൽ 6,44,379/-രൂപ തടസ്സപ്പെടുത്തുന്നു.

**1) ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ- രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹560000 തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ശിശു വികസന പ്രോജക്ട് ഓഫീസർ,ഇരിക്കൂർ |
| പ്രോജക്ട് | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ |
| പ്രോജക്ട് നം | 71 /18-19 |
| അടങ്കൽ | വികസന ഫണ്ട് - 883000 |
| ചെലവ് | വികസന ഫണ്ട് - ₹ 560001 0<br>ബിൽ നമ്പർ-10/18-19,28-03-19 ₹ 560000 |

ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ എന്ന പദ്ധതിക്ക് വേണ്ടി 7 സ്കൂട്ടറുകൾ കെൽട്രോണിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എരുവേശി, മയ്യിൽ, പയ്യാവൂർ എന്നീ പഞ്ചായത്തുകളിൽ നിന്നും തിരഞ്ഞെടുത്ത 7 ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്കാണ് സ്കൂട്ടർ നൽകിയിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, താഴെ പറയുന്ന രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

1 ) ലൂക്ക ജോസഫ്,എരുവേശിയുടെ ഡ്രൈവിംഗ് ലൈസൻസ്/ലേണേഴ്സ് ലൈസൻസ് .

2) 7 ഗുണഭോക്താക്കളും വണ്ടിയുടെ രജിസ് ട്രേഷൻ നടത്തിയതിന്റെ രേഖകൾ

മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/25-01-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 5,60,000 തടസ്സപ്പെടുത്തുന്നു.

**2) എരുവേശി മിടിലിക്കയം വയോജന വിശ്രമ കേന്ദ്രം ടിവി ഫർണ്ണിച്ചർ വാങ്ങൽ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തിനാൽ ₹ 84379 തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ശിശു വികസന പ്രോജക്ട് ഓഫീസർ, ഇരിക്കൂർ |
| പ്രോജക്ട് | എരുവേശി മിടിലിക്കയം വയോജന വിശ്രമ കേന്ദ്രം ടിവി ഫർണിച്ചർ വാങ്ങൽ |
| പ്രോജക്ട് നം | 81 /18-19 |
| അടങ്കൽ | വികസന ഫണ്ട് - ₹100000 |
| ചെലവ് | വികസന ഫണ്ട് - ₹ 84379<br>ബിൽ നമ്പർ-8 /18-19,28-02-19 ₹ 45399 |

| | |
|---|---|
| | ബിൽ നമ്പർ-12/18-19,25-03-19 ₹ 38980 |

എരുവേശി മിടിലിക്കയം വയോജന വിശ്രമ കേന്ദ്രത്തിന് പദ്ധതിപ്രകാരം വാങ്ങിയ ടിവി-1 , മേശ (ആഞ്ഞിലി മരത്തടി) -1, ഫൈബർ കസേരകൾ -50 എണ്ണം എന്നിവ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (19/25-01-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 84,379/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-17 അങ്കണവാടി റിംഗ്കമ്പോസ്റ്റ് വിതരണം - സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല ₹ 2,34,980/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ശിശു വികസന പ്രോജക്റ്റ് ഓഫീസർ, ഇരിക്കൂർ |
| പ്രോജക്റ്റ് | അങ്കണവാടി റിംഗ് കമ്പോസ്റ്റ് വിതരണം |
| പ്രോജക്റ്റ് നം. | 83 /18-19 |
| അടങ്കൽ | വികസന ഫണ്ട് - 234980 |
| ചെലവ് | വികസന ഫണ്ട് - ₹234980<br>ബിൽ നമ്പർ- 4/18-19, 31-10-18 ₹ 234980 |

ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും സ്വന്തമായി കെട്ടിടം ഉള്ളതുമായ 62 അങ്കണവാടികൾക്ക് മാലിന്യ സംസ്കരണത്തിന് വേണ്ടി റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം എരുവേശി, മലപ്പട്ടം, പയ്യാവൂർ, മയ്യിൽ ഗ്രാമ പഞ്ചായത്തുകളിലെ അങ്കണവാടികൾക്കാണ് റിംഗ് കമ്പോസ്റ്റ് നൽകിയിരിക്കുന്നത്. 2 ടെണ്ടർ ലഭിച്ചതിൽ കുറഞ്ഞ ടെണ്ടർ നിരക്ക് ക്വാട്ട് ചെയ്ത ഹരിത റിംഗ് കമ്പോസ്റ്റ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ₹3800 എന്ന നിരക്കാണ് പർച്ചേസിംഗ് കമ്മിറ്റി അംഗീകരിച്ചിരിക്കുന്നത്. സ്ഥാപനവുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. 100/- രൂപയുടെ മുദ്ര പത്രം രേഖപ്പെടുത്തലുകൾ ഒന്നും ഇല്ലാതെ ഫയലിൽ സൂക്ഷിച്ചുകാണുന്നു. ഇൻവോയ്സ് നമ്പർ - 44 /24-10-18 പ്രകാരം ₹234980 രൂപക്ക് 62 റിംഗ് കമ്പോസ്റ്റ് വാങ്ങിയിട്ടുണ്ട് . അങ്കണവാടികളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട അംഗനവാടികളിൽ നിന്നും സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. 62 സെന്ററുകളുടെ പേരും ഫോൺ നമ്പരും രേഖപ്പെടുത്തിയതിൽ ഹരിത റിംഗ് കമ്പോസ്റ്റ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ സീൽവെച്ച ഒരു പേപ്പർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത് . ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം - 20/25-01-2020) മറുപടി ലഭ്യമാക്കിയില്ല. റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹234980 തടസ്സപ്പെടുത്തുന്നു .

# 1-18 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ -അനുബന്ധരേഖകളുടെ അഭാവത്തിൽ ₹2,98,621/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ശിശുവികസനപ്രോജക്റ്റ് ഓഫീസർ, ഇരിക്കൂർ |
| പ്രോജക്റ്റ് | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകൽ |
| പ്രോജക്റ്റ് നം. | 162 /18-19 |
| അടങ്കൽ | വികസന ഫണ്ട് - 3,00,000/- |
| | |

| | |
|---|---|
| ചെലവ് | വികസന ഫണ്ട് - ₹2,98,621/-<br>ബിൽനമ്പർ-7/23-01-19-₹14,410/-<br>ബിൽനമ്പർ-11/28-03-19-<br>₹ 2,84,211/- |

ഭിന്നശേഷിക്കാർക്ക് സഹായകോപകരണങ്ങൾ നൽകുന്നതിന വേണ്ടി മെഡിക്കൽക്യാമ്പ് നടത്തി ഓരോ ഗുണഭോക്താവിനും ആവശ്യമായ ഉപകരണങ്ങൾ നൽകുന്നതാണ് പദ്ധതി. എരുവേശി, പയ്യാവൂർ, മലപ്പട്ടം, മയ്യിൽ എന്നീ ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ച നൽകിയ ഗുണഭോക്തൃ പട്ടികയുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്. 31-01-19-ലെ ഭരണസമിതി യോഗത്തിലെ 3/6 തീരുമാനം, പർച്ചേസിംഗ് കമ്മിറ്റിയുടെ 30-01-19-ലെ 6ാം-നമ്പർ തീരുമാനം എന്നിവ പ്രകാരം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും wheel chair- 6 , AFO-2, Elbow crutches-1, BTE channel free programmable hearing Aid-27 എന്നിവ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) പയ്യാവൂർ, മയ്യിൽ, മലപ്പട്ടം ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയുടെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല .

2)ശ്രവണ സഹായി ( BTE channel free programmable hearing Aid ) 27 എണ്ണം വാങ്ങി വിതരണം ചെയ്തതിൽ 23 പേരുടെ കൈപ്പറ്റ് മാത്രമാണ് കാണുന്നത്. AFO-2 എണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

3) ഫയലിൽ സൂക്ഷിച്ചിട്ടുള്ള കൈപ്പറ്റ് രേഖയിൽ ഓരോ ഗുണഭോക്താവിനും ലഭിച്ച മെഡിക്കൽ ഉപകരണത്തിന്റെ വിവരം ചേർത്തിട്ടില്ല.

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട്നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/25-01-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹2,98,621/-രൂപ തടസ്സപ്പെടുത്തുന്നു .

## 1-19 വയോജന വിശ്രമമന്ദിരത്തിന് മോട്ടോറും ടിവിയും വാങ്ങൽ- സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല-₹ 34,463/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതിവികസന ഓഫീസർ |
| പ്രോജക്ട് | പട്ടികജാതി വയോജന വിശ്രമ മന്ദിരത്തിന് മോട്ടോറും ടിവിയും വാങ്ങൽ |
| പ്രോജക്ട്നമ്പർ | 125 /18-19 |
| അടങ്കൽ | 50,000/-വികസനഫണ്ട് (എസ്.സി.പി) |
| ചെലവ് | 34,463 /-വികസന ഫണ്ട് (എസ് സി പി)<br>ബിൽ-1/29-05-18 ₹ 34,463/- |

പട്ടികജാതി വയോജന വിശ്രമകേന്ദ്രത്തിനാവശ്യമായ ഒരു വൺ എച്ച്പി മോട്ടോറും ഒരു എൽഇഡി ടി.വിയും വാങ്ങുന്നതിന വേണ്ടിയുള്ള ഈ പ്രോജക്ടിൽ ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ നിക്ഷാൻ ഇലക്ട്രോണിക്സിൽ നിന്നും എൽഇഡി ടി.വി, റെയ്ഡ്കോ, കണ്ണൂരിൽ നിന്ന് എച്ച്പി മോട്ടോർ എന്നിവ

വാങ്ങിയിട്ടുണ്ട്. വിശ്രമ കേന്ദ്രത്തിലേക്ക് സാധനങ്ങൾ കൈമാറിയതിന്റെയും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെയും വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്അന്വേഷണത്തിന് (5/24-01-2020) പ്രസ്തുത രജിസ്റ്റർ കണ്ടെത്തിയാൽ ലഭ്യമാക്കുന്നതാണെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ചെലവ് തുക 34,463/- രൂപ തടസ്സപ്പെടുത്തുന്നു.

പട്ടികജാതി വികസന ഓഫീസർ സൂക്ഷിക്കുന്ന ക്യാഷ് ബുക്കിൽ ജനകീയാസൂത്രണ പദ്ധതികളുമായി ബന്ധപ്പെട്ട് വികസന ഫണ്ടിൽ നിന്നും ട്രഷറി ബില്ലുകൾ പ്രകാരം മാറിയ തുകകളുടെ വരവ് ചെലവുകൾ രേഖപ്പെടുത്തുന്നില്ല. ക്യാഷ് ബുക്കിൽ എല്ലാ വരവ് ചെലവുകളും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-20 അപ്രോച്ച് റോഡില്ലാതെ പാലം നിർമ്മാണം- മടക്കൽപാലം പൂർത്തിയായി ഒരു വർഷം പിന്നിട്ടിട്ടും ഗതാഗതയോഗ്യമായില്ല.

പ്രോജക്ട് നമ്പർ- 165 /19 (സ്പിൽ ഓവർ)

പ്രോജക്ട് - പയ്യാവൂർ തോടിന് കുറുകേ മടക്കൽ ഭാഗത്ത് പാലം നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
കോൺട്രാക്ടർ – ശ്രീ.എ.കുഞ്ഞിരാമൻ

അടങ്കൽ - (തനത് ഫണ്ട്)- ₹26,60,076/-
ചെലവ് - ₹ 22,28,304/-1) ചെക്ക് നമ്പർ-2617447/30-07-18- ₹12,46,656/-

2) ചെക്ക് നമ്പർ-2617831/ 29-11-18- ₹ 9,81,648/-

പയ്യാവൂർ തോടിന് കുറുകേ മടക്കൽ ഭാഗത്ത് പാലം നിർമ്മാണം പൂർത്തിയാക്കി ജനങ്ങൾക്ക് ഗതാഗത യോഗ്യമാക്കുന്നതിനാണ് മേൽ പദ്ധതി ലക്ഷ്യമിട്ടത് . 2016-17 ൽ ടെണ്ടർ ക്ഷണിക്കുകയും 28,37,062/- രൂപയ്ക്ക് കരാർ വെക്കുകയും ചെയ്ത പ്രോജക്ടിന് 2017-18ൽ വികസന ഫണ്ടിൽ നിന്നും 6,56,332/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17 വാർഷിക പദ്ധതിയിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ചെങ്കിലും പദ്ധതി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി പൂർത്തിയാക്കുന്നതിനാണ് 2018-19 ൽ വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ചത് . 2018-19ൽ കരാർ തുക പുതുക്കുകയും (2884636 രൂപ) 22,28,304/- രൂപ കൂടി ചെലവഴിച്ച് 26-11-18ന് പാലം നിർമ്മാണം പൂർത്തിയാക്കിയെങ്കിലും ഇതുവരെയായും ആയത് ഗതാഗതയോഗ്യക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (4/24-1-20) പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണി ആരംഭിച്ചിട്ടുണ്ടെന്നും ഉടൻ ഗതാഗത യോഗ്യമാക്കാൻ സാധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. 29 ലക്ഷത്തോളം രൂപ ചെലവഴിച്ച് പാലം നിർമ്മിച്ച് ഒരു വർഷത്തിലധികമായിട്ടും പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ഈ പ്രോജക്ട് നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അപ്രോച്ച് റോഡില്ലാതെ പാലം നിർമ്മിച്ചതും 2016-17-ൽ പാലത്തിൻെറ നിർമ്മാണ പ്രവൃത്തിയാരംഭിച്ച് മൂന്നു വർഷം പിന്നിട്ടിട്ടും അപ്രോച്ച്റോഡ് നിർമ്മിച്ചിട്ടില്ല. അപ്രോച്ച് റോഡ് നിർമ്മിച്ച് പൂർത്തീകരിച്ച പാലം അടിയന്തിരമായി ഗതാഗത യോഗ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-21 കരാറിലേർപ്പെടാതെ ഡെപ്പോസിറ്റ് പ്രവൃത്തി- മാർഗ്ഗരേഖക്ക് വിരുദ്ധം

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 5 പ്രോജക്ടുകളിലായി വകയിരുത്തിയ 7,78,946/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബിയിൽ ഒടുക്കിയിട്ടുണ്ട്. ഡെപ്പോസിറ്റ്

പ്രവൃത്തികൾ കരാറിലേർപ്പെട്ടേ നിർവ്വഹിക്കാവൂവെന്ന് പദ്ധതി നിർവ്വഹണം സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖയിൽ (സ.ഉ(കൈ)11/2018ത.സ്വ.ഭ.വ-തിയ്യതി-29-1-18) നിഷ്കർഷിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റില്ലാതെയും കരാറിലേർപ്പെടാതെയുമാണ് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറുന്നത്. ഇത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. ഭാവിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കരാറിലേർപ്പെട്ടു മാത്രമേ തുക നൽകാവൂ. കൂടാതെ വിനിയോഗസാക്ഷ്യപത്രത്തിനൊപ്പം ഫൈനൽ ബിൽ കൂടി കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കുന്നുണ്ടെന്ന കാര്യവും, ഡെപ്പോസിറ്റ് ചെയ്ത തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

## 1-22 ടാക്സിസ്റ്റാൻഡ് ടോയ് ലറ്റ് - പൊതുജനങ്ങൾക്ക് ഉപയോഗക്ഷമമാകുന്നില്ല.

2018-19 വർഷം പ്രോജക്ട് നമ്പർ-31/19പ്രകാരം വികസനഫണ്ടിൽ നിന്നും 2,99,974/-രൂപ വിനിയോഗിച്ച് നിർവ്വഹണം പൂർത്തീകരിച്ചതും പ്രൊജക്ട് നമ്പർ-32/19 പ്രകാരം 43,222/-രൂപ വൈദ്യുതീകരണത്തിന് ചെലവഴിച്ചതും ഉദ്ഘാടനം ചെയ്യപ്പെട്ടതുമായ ഇരിക്കൂർ ടാക്സിസ്റ്റാൻഡ് ടോയ് ലറ്റ് – പൊതുജനങ്ങൾക്ക് ഉപയുക്തമാക്കാതെ അടച്ചിട്ടിരിക്കുന്ന നിലയിലാണെന്ന് ഓഡിറ്റിന്റെ ഭാഗമായി 27-1-2020ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. ആയത് നിഷ്ക്രിയാസ്തിയായി മാറാതെ ഉപയോഗപ്പെടുത്തേണ്ടുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ഹരിതകേരളമിഷൻ- ശുചിത്വബോർഡ് സ്ഥാപിക്കൽ -രേഖകളുടെ അഭാവത്തിൽ 57,832/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹരിത കേരളാ മിഷൻ ശുചിത്വ ബോർഡ് സ്ഥാപിക്കൽ |
| പ്രോജക്ട് നം | 198/2019 |
| അടങ്കൽ | ₹76,957/-വികസനഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത്സെക്രട്ടറി |
| ചെലവ് | ₹58,152/-വികസനഫണ്ട്. |
| ബിൽനം | 60/18-19-26.3.2019 |

ഹരിതകേരളമിഷൻ ശുചിത്വബോർഡ് സ്ഥാപിക്കൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി 29.12.2018 ന് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ സമർപ്പിച്ചതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ആർ.ബി.എം അസോസിയേറ്റ്സ്, ചാലോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും 10 ബോർഡ് സ്ഥാപിച്ചതിന് 58,152/-രൂപ ആർ.ബി.എം അസോസിയേറ്റ്സ്, ചാലോട് എന്ന സ്ഥാപനത്തിന് നിർവ്വഹണോദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23.3.2019ലെ നമ്പർ ഡി.453/2019 ഉത്തരവ് പ്രകാരം അനുവദിക്കുകയുംചെയ്തു. (ക്യാഷ്ബിൽ -278 തീയ്യതി-20.3.2019) പദ്ധതി നിർവ്വഹണത്തിന്റെ ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 18.1.2019 ആർ.ബി.എം അസോസിയേറ്റ്സ്, ചാലോട് എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ പ്രകാരം 1 ബോർഡ് സ്ഥാപിക്കാൻ 5750/- രൂപയാണ് ക്വാട്ട് ചെയ്തത്. ടി സ്ഥാപനം 10 ബോർഡും കോൺക്രീറ്റ് ഡിമോളിഷൻ ചാർജ്ജും ഉൾപ്പെടെയുള്ള പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന് 20.3.2019ന് 58,152/- രൂപയുടെ ക്യാഷ് ബിൽ സമർപ്പിക്കുകയും ഈ തുക സെക്രട്ടറി സ്ഥാപനത്തിന് നൽകുകയും ചെയ്തു. (ബോർഡ്

സ്ഥാപിച്ചതിന്റെ തുക-57820/-, കോൺക്രീറ്റ് ഡിമോളിഷൻ ചാർജ്ജ് 332/-) 10 ബോർഡ് സ്ഥാപിക്കുന്നതിന് അംഗീകരിച്ച ടെണ്ടർ പ്രകാരം നൽകേണ്ടുന്ന തുക 57,500/- രൂപയാണ് എന്നാൽ ഇതിന് പകരം 57,820രൂപ നല്കിയത് വഴി കരാറുകാരന് 320/-രൂപ അധികം നല്കിയിട്ടുണ്ട്.

2) ഹരിത കേരളമിഷൻ ശുചിത്വബോർഡ് ഏതെല്ലാം സ്ഥലങ്ങളിൽ സ്ഥാപിക്കണമെന്ന വിവരം, ബോർഡിന്റെ വിസ്തൃതി സംബന്ധിച്ച എസ്റ്റിമേറ്റ്, ബോർഡ് സ്ഥാപിക്കുന്ന സ്ഥലത്തിന് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതിപത്രം, ബോർഡ് സ്ഥാപിച്ച എന്ന ഉറപ്പ് വരുത്തുന്നതിനാവശ്യമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം മുതലായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ്അന്വേഷണത്തിന് (16/27.1.2020) മറുപടി ലഭ്യമാക്കാത്തതിനാൽ ബോർഡ് സ്ഥാപിച്ചതിന്റെ തുക 57832/- രൂപ തടസ്സപ്പെടുത്തുകയും അധികം നൽകിയ 320/-രൂപ നിരാകരിക്കുകയും ചെയ്യുന്നു. 320/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-24 തുല്യതാ കോഴ്സ് ഫീസ്- ഗ്രാമപഞ്ചായത്തുകൾ ആനുകൂല്യം നൽകിയിട്ടില്ല എന്ന് ഉറപ്പ് വരുത്തിയിട്ടില്ല- ചെലവ് തുക 92,500/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തുല്യതാ പഠിതാക്കൾക്ക് കോഴ്സ് ഫീസ് നൽകൽ |
| പ്രോജക്ട് നം | 173/2019 |
| അടങ്കൽ | 1,74,000/-<br>₹1,00,000/-വികസനഫണ്ട്<br>74,000/- ഗുണഭോക്തൃ വിഹിതം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 1,61,500/-<br>₹92,500/-വികസനഫണ്ട്.<br>69,000/- ഗുണഭോക്തൃ വിഹിതം |
| ബിൽ നം<br>ചെക്ക് നം | 42/18-19-31.12.2018 -വികസനഫണ്ട്<br>2617849/29.12.2018 |

2018-19 വർഷം 10ാം തരം പഠിക്കുന്ന 40 തുല്യതാപഠിതാക്കൾക്ക് ഒരാൾക്ക് 1,000രൂപഎന്ന നിരക്കിൽ 40,000/-രൂപയും, 35 പ്ലസ് വൺ പഠിതാക്കൾക്ക് ഒരാൾക്ക് 1,500രൂപ നിരക്കിൽ 52,500/- രൂപയും ഉൾപ്പെടെ 92,500/-രൂപവികസന ഫണ്ടിൽനിന്നും ഗുണഭോക്തൃവിഹിതമായ 69000/-രൂപയും ചേർത്ത് ആകെ 1,61,500/-രൂപ കേരളാസാക്ഷരതാമിഷൻഅതോറിറ്റി ഡയറക്ടർക്ക് മേൽപ്രകാരം നൽകിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. സർക്കാർ ഉത്തരവ് (കൈ) നം 11/2018 തസ്വഭവ തിയ്യതി 29.1.2018 ഖണ്ഡിക 7.6ൽ ക്രമ നം 13 അനുസരിച്ച് സാക്ഷരതാ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ വില നൽകുക, സാക്ഷരതാമിഷന് അടയ്ക്കേണ്ടതായ ഫീസ് എന്നിവയ്ക്കുള്ള പ്രോജക്ടുകൾ

ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഇരിക്കൂർ ബ്ലോക്ക്പഞ്ചായത്ത് തുല്യതാ പഠിതാക്കളുടെ കോഴ്സ് ഫീ ഒടുക്കാൻ പദ്ധതി രൂപീകരിച്ച് വികസനഫണ്ടിൽ നിന്ന് 92,500/- രൂപ ചെലവഴിച്ചിട്ടുണ്ട്

2. തുല്യതാ പഠനവുമായി ബന്ധപ്പെട്ട ചെലവുകൾ ഗ്രാമ/ ജില്ലാ പഞ്ചായത്തുകൾ വഹിക്കുമെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നിർവ്വഹണം നടത്തുമ്പോൾ ഗ്രാമ/ ജില്ലാ പഞ്ചായത്തുകൾ ഇതേ പഠിതാക്കൾക്ക് ആനുകൂല്യം നൽകിയിട്ടില്ലായെന്ന് ബ്ലോക്ക് പഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടില്ല. അപാകതകൾ സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (19/27.1.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 92,500/- തടസ്സപ്പെടുത്തുന്നു.

# 1-25 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ-ഫയലുകൾ,രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല 15,38,484/-രൂപ തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപറയുന്ന പദ്ധതികൾക്ക് 2018-19വർഷം വികസനഫണ്ട് പൊതുവിഭാഗം, വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) എന്നീ ഇനങ്ങളിൽ നിന്ന് തുക ചെലവഴിച്ചതായി ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവ് പത്രികയിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ ഫയലുകൾ, ബില്ലുകൾ, രജിസ്റ്ററുകൾ എന്നിവ മുഴുവനായി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക ചെലവഴിച്ച ബില്ലുകൾ ഹാജരാക്കാത്തതിനാൽ തുകകൾ പിൻവലിച്ച ബിൽ നമ്പർ, തീയതി എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക/ഫണ്ട് | ചെലവഴിച്ച തുക/ഫണ്ട് |
|---|---|---|---|---|
| 1 | 124/19 | ലൈഫ് മിഷൻഭവനം-2018(സ്പിൽ ഓവർ) | വികസന ഫണ്ട്-3 3,09,403/- മെയിന്റനൻസ് ഫണ്ട്- നോൺറോഡ് 11,80,764/- ആകെ-14,90,167/- | വികസന ഫണ്ട്-3,09,403/- മെയിന്റനൻസ് ഫണ്ട്- നോൺറോഡ്11,80,764/- ആകെ-14,90,167/- |
| 2 | 158/19 | ലൈഫ് ഭവനപദ്ധതി,- (എസ്.സി.) (സ്പിൽ ഓവർ) | വികസന ഫണ്ട് (എസ്.സി.പി) 48,317/ | വികസന ഫണ്ട് എസ്.സി.പി )48,317/ |

പ്രോജക്ട് ഫയലുകളും, തുക ചെലവഴിച്ച ബില്ലുകളും, രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് അന്വേഷണം-13/24-1-20) ആയത് ലഭ്യമാക്കാത്തതിനാൽ മേൽപ്രകാരം ചെലവഴിച്ച 15,38,484/- (14,90,167/+48,317/-) രൂപ തടസ്സപ്പെടുത്തുന്നു.

# 1-26 വിവിധ പ്രോജക്ടുൾ-97,37,543/- രൂപയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

വിവിധ നിർവ്വഹണോദ്യോഗസ്ഥർ വ്യത്യസ്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്തിൻെറ വികസനഫണ്ടിൽ നിന്നുംതാഴെ ചേർത്ത പ്രകാരം 97,37,543/- രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ആയതിൻെറ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ട്നമ്പർ/ പേര് | അടങ്കൽ | ചെലവ് തുക | തുക ആർക്ക് അനുവദിച്ചു | ബിൽ നമ്പർ/ തീയതി | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക വാൻ ബാക്കിയുള്ള തുകയുടെ വിവരം |
|---|---|---|---|---|---|---|---|
| 1 | സിഡിപിഒ, ഇരിക്കൂർ | 75/19 അംഗനവാടി പോഷകാഹാരം (ബ്ലോക്ക് വിഹിതം നൽകൽ) | വികസന ഫണ്ട്(പൊതു)-3,00,000/- | ₹ 3,00,000/- | മലപ്പട്ടം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടി ലേക്ക് | 1/29-06-18 | ₹300000 |
| 2 | സിഡിപിഒ, ഇരിക്കൂർ . | 79/2018-19 മയ്യിൽ ബഡ്സ് സ്കൂളിന് ബ്ലോക്ക് വിഹിതം നൽകൽ | വികസന ഫണ്ട് (പൊതു)- ₹1,40,000 | ₹1,40,000 | മയ്യിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടി ലേക്ക് | 2/ 29-06-18 | ₹140000 |
| 3 | സിഡിപിഒ, ഇരിക്കൂർ | 1/19ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി കൾക്കുള്ള സ്കോളർഷിപ്പ്- പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ | വികസന ഫണ്ട് (പൊതു)- ₹6,00,000 | ₹6,00,000/- | മലപ്പട്ടം , പയ്യാവൂർ , മയ്യിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടി ലേക്ക് | 3/28-07-18 | മലപ്പട്ടം- ₹47500<br>പയ്യാവൂർ- ₹125950<br>മയ്യിൽ – ₹271550 |
| 4 | സിഡിപിഒ, ഇരിക്കൂർ അഡീഷണൽ | 102/19 കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്ത് – ബഡ്സ് സ്കൂൾ പ്രവർത്തന ങ്ങൾക്ക് ബ്ലോക്ക് വിഹിതം നല്കൽ | വികസന ഫണ്ട് (പൊതു)- ₹1,00,000 | ₹1,00,000/- | കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടി ലേക്ക് | 1/30-06-18 | ₹1,00,000/- |
| 5 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 89/19 ജലം സുലഭം- കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് വെള്ളുവയൽ കുളം നവീകരണം | വികസന ഫണ്ട് (പൊതു)- ₹1,00,000 | ₹1,00,000/- | കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടി ലേക്ക് | 2/27-07-2018 | ₹1,00,000/- |
| 6 | സെക്രട്ടറി | 2/19 ഐകെഎം വിഹിതം നൽകൽ | വികസന ഫണ്ട്- ₹61443 | ₹61,443/- | ഐ.കെ.എം ഡയറക്ടർക്ക് | 7/03-05-2018 | ₹61,443/- |
| 7 | സെക്രട്ടറി | 84/19ഒന്നാം ക്ലാസ്സ് ഒന്നാന്തരം – കോറളായി ഗവ.യു പി സ്കൂൾ | വികസന ഫണ്ട്-₹100000 | ₹1,00,000/- | മയ്യിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ട റിയുടെ അക്കൌണ്ടി ലേക്ക് | 13/28-06-2018 | ₹1,00,000/- |
| 8 | സെക്രട്ടറി | 179/19 ലൈഫ് | വികസന ഫണ്ട് (ടി എസ് | ₹18,22,900 | ഉളിക്കൽ ഗ്രാമ | 31/09- | ₹18,22,900 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഭവന നിർമ്മാണം (എസ് ടി) ഗ്രാമ പഞ്ചായ ത്തുകൾക്ക് ഹിഹിതം നൽകൽ | പി)-18,22,900 | | പഞ്ചായത്ത് സെക്രട്ട റിയുടെ അക്കൌ ണ്ടിലേക്ക് | 10-18 | |
| 9 | | 2)172/19 | വികസന ഫണ്ട് (ടി എസ് പി)-949400 | ₹9,49,400 | ഉളിക്കൽ- 678143<br>പടിയൂർ- 180838<br>പയ്യാവൂർ- 90419 | 26/26-09-18 | ഉളിക്കൽ -678143<br>പടിയൂർ- 180838<br>പയ്യാവൂർ- 90419 |
| 10 | സെക്രട്ടറി | 180/18-19 ലൈഫ്- ഗ്രാമപഞ്ചായ ത്തുകൾക്ക് ഹിഹിതം നൽകൽ | വികസന ഫണ്ട്-38,14,800 | ₹38,14,800/- | മയ്യിൽ- ₹529300<br>ഉളിക്കൽ-1608000<br>ഇരിക്കൂർ- 886800<br>പടിയൂർ-₹382000<br>എരുവേശി- ₹241200<br>പയ്യാവൂർ-₹167500 | 33/09-10-18 | ഉളിക്കൽ-1608000<br>ഇരിക്കൂർ- 886800<br>പടിയൂർ-₹382000<br>എരുവേശി- ₹241200<br>പയ്യാവൂർ-₹167500 |
| 11 | ലൈഫ് മിഷൻ ഭവനം 2018-19 ഗ്രാമപഞ്ചായത്തു കൾക്ക് ഷെയർ നൽകൽ | 200/18-19 | വികസന ഫണ്ട്-1904000 | ₹19,04,000 | ഉളിക്കൽ- 94021<br>ഇരിക്കൂർ-1209979<br>മലപ്പട്ടം-₹600000 | 43/31-12-18 | ഉളിക്കൽ- 94021<br>ഇരിക്കൂർ-1209979<br>മലപ്പട്ടം-₹600000 |
| | | | | | | ആകെ | ₹ 97,37,543 |

മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ലൈഫ് ഭവന പദ്ധതിയിൽ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം അനുവദിക്കുമ്പോൾ ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്ട്, അപേക്ഷ, തുടങ്ങിയ രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 08.08.19 മുതൽ 09.08.19 വരെ | കെ.എസ്.എ./ കെ.എൻ.ആർ./സി.4/1374 /2019.തീയ്യതി: 19.08.19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച | പ്രോജക്ടിന്റ് പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | തുക | | | |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2018-19 | 614500 | പിഎംഎവൈ/ഭവന നിർമ്മാണം | 529000 | 85500 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1548000 | പി.എം.എ.വൈ/ഭവന നിർമ്മാണം | 1548000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1856167 | പിഎംഎവൈ/ ഭവന നിർമ്മാണം | 1350483 | 505684 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ ബി | പെരുവങ്ങൂര് ജലസേചന കുളം പമ്പ് ഹൗസ്സ് വൈദ്യുതി കണക്ഷൻ(ഡെപ്പോസിറ്റ്) | 71366 | 71366 | 0 |
| " " | മാണിയൂർ വിളയാരത്ത് വയൽ ജലസേചന കുളം പമ്പ് ഹൗസ്സ് വൈദ്യുതി കണക്ഷൻ(ഡെപ്പോസിറ്റ്) | 17026 | 17026 | 0 |
| " " | ഇരിക്കൂർ ടാക്സി സ്റ്റാന്റ് വൈദ്യുതി ലൈൻ വലിക്കൽ | 43222 | 43222 | 0 |
| " " | വനിത ചകിരി നിർമ്മാണ യൂണിറ്റിന് വൈദ്യുതി ലഭ്യമാക്കൽ(ഡെപ്പോസിറ്റ്) | 629350 | 629350 | 0 |
| " " | മാലിന്യ സംസ്കരണ മെറ്റീരിയൽ റിക്കവറി കേന്ദ്രത്തിന് 3 ഫേസ്സ് വൈദ്യുതി കണക്ഷൻ(ഡെപ്പോസിറ്റ്) | 663443 | 663443 | 0 |
| " " | ചൂളിയാട് കുടിവെള്ള പദ്ധതി വൈദ്യുതി ലൈൻ (ഡെപ്പോസിറ്റ്) | 131476 | 131476 | 0 |
| " " | കണ്ടക്കൈ കാക്കടവത്ത് ജലസേചന കുളം പമ്പ് ഹൗസ് വൈദ്യുതി കണക്ഷൻ (ഡെപ്പോസിറ്റ്) | 17982 | 17982 | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്,ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ഓഡിറ്റ് വർഷം കൈപ്പറ്റിയ വായ്പ | ഓഡിറ്റ് വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഐ എ വൈ ഭവന നിർമ്മാണം | GO(Ms) 90/2013 lsgd ,dtd 14-03-13 | 4299985 | 675208 | .. | - | 675208 |

വാർഷിക ധനകാര്യ പത്രിക പ്രകാരവും സെക്രട്ടറി ലഭ്യമാക്കിയ കണക്ക് പ്രകാരവും വായ്പയിനത്തിൽ തൻവർഷം തിരിച്ചടവില്ല. മുൻ വർഷാന്ത്യത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള 675208/- രൂപ തന്നെ ഈ വർഷാന്ത്യത്തിലും വാർഷിക ധനകാര്യ പത്രിക പ്രകാരം തിരിച്ചടക്കാൻ ബാക്കിയുണ്ട് (ബി.5). ഓഡിറ്റ് അന്വേഷണത്തിന് (1/20.01.2020) സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം 1284642/- രൂപ തിരിച്ചടക്കുവാൻ ബാക്കിയുണ്ട്. വായ്പ സംബന്ധിച്ച രജിസ്റ്ററോ, അനുബന്ധ രേഖകളോ ഓഡിറ്റിന് ഭ്യമാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കണക്കിലെ പൊരുത്തക്കേട് പരിഹരിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന് ബാധ്യതയായി വായ്പ നിലവിലുള്ള പക്ഷം ആയത് തിരിച്ചടക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കണക്കിലെ പൊരുത്തക്കേട്, ഇപ്രകാരം തിരിച്ചടവില്ലാതെ ബാധ്യത തുടരുവാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-2000 | 43 | 2002-03 | 1 | അനർഹമായി ആനുകൂല്യം നൽകി |
| 1999-2000 | 47 | 2002-03 | 2 | അധിക തുക നഷ്ടം |
| 1999-2000 | 49 | 2002-03 | 3 | ടാർ വില ഈടാക്കിയില്ല |
| 1999-2000 | 52 | 2002-03 | 4 | നബാർഡ് പ്ലാൻഫണ്ട് |
| 1999-2000 | 59(എ) | 2002-03 | 5 | തൊഴിലുറപ്പ് പദ്ധതി |

# 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,47,08,610 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,38,70,752 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 320 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,54,770/- |

**ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>.**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | ₹320 | ശ്രീ .സുനിൽകുമാർ .കെ എം , സെക്രട്ടറി |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15(2) | 1,53,511 | ഡോ.പി.കെ.കാർത്യായനി, മെഡിക്കൽ ഓഫീസർ |
| 1-16(1) | 5,60,000 | ശ്രീമതി. ഷീജ. വി,ശിശു വികസന പദ്ധതി ഓഫീസർ |
| 1-16(2) | 84,379 | ശ്രീമതി. ഷീജ.വി,ശിശു വികസന പദ്ധതി ഓഫീസർ |
| 1-17 | 2,34,980 | ശ്രീമതി. ഷീജ.വി,ശിശു വികസന പദ്ധതി ഓഫീസർ |
| 1-18 | 2,98,621 | ശ്രീമതി. ഷീജ.വി,ശിശു വികസന പദ്ധതി ഓഫീസർ |
| | | |

| | | |
|---|---|---|
| 1-19 | 34,463 | ശ്രീ.ശ്രീജേഷ്.കെ, പട്ടികജാതി വികസന ഓഫീസർ |
| 1-23 | 57,832 | ശ്രീ.സുനിൽകുമാർ.കെ എം ,സെക്രട്ടറി |
| 1-24 | 92,500 | ശ്രീ .സുനിൽകുമാർ.കെ എം, സെക്രട്ടറി |
| 1-25 | 15,38,484 | ശ്രീ.സുനിൽകുമാർ.കെ എം, സെക്രട്ടറി |
| ആകെ | 30,54,770/- | |

**(സി)** **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി)** **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ .സുനിൽകുമാർ .കെ എം, സെക്രട്ടറി | സെക്രട്ടറി,<br>ഇരിട്ടി ബ്ലോക്ക് | കിഴക്കേക്കരമ്മൽ ഹൌസ്സ് ,വായന്നൂർ , പി.ഒ.ബേക്കളം |
| ശ്രീ .ശ്രീജേഷ്.കെ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ,<br>കണ്ണൂർ ബ്ലോക്ക് | ശ്രീസമീരം ,<br>പി.ഒ വാരം, കണ്ണൂർ |
| ഡോ.പി.കെ.കാർത്യായനി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മയ്യിൽ | കാർത്തിക,<br>അതിരകം റോഡ്, മുണ്ടയാട്,<br>വാരം, കണ്ണൂർ |
| ശ്രീമതി. ഷീജ. വി,ശിശു വികസന പദ്ധതി ഓഫീസർ | ശിശുവികസന പദ്ധതി ഓഫീസർ, എടക്കാട് | സായൂജ്യം ,<br>കോട്ടയംപൊയിൽ പി.ഒ,<br>കണ്ണൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/ സി.4/ 823/19, തീ. 14.08.2019 | 3 |
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ/ സി.4/ 823/19, തീ. 14.08.2019 | 6 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി.4/ 823/19, തീ. 14.08.2019 | 2 |
| | | |

| | | |
|---|---|---|
| 2009-10,2010-11 | കെ.എസ്.എ/കെ.എൻ.ആർ/ സി.4/ 823/19, തീ. 14.08.2019 | 5 |
| 2011-12,2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി.4/ 823/19, തീ. 14.08.2019 | 3 |
| 2013-14 ,2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.4/ 823/19, തീ. 14.08.2019 | 1 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി.4/ 823/19, തീ. 14.08.2019 | 5 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി.4/ 1899/18, തീ. 06.02.2018 | 23 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.4/146/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

**തീയതി: 13.07.2020**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ

2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Irikkur Block Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 31502995.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 125379.00 |
| 150000000 | Sale & Hire Charges | RP-5 | 301978.00 |
| 151000000 | Receipts from Transferred Institutions | RP-6 | 20187.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 69343118.00 |
| 171000000 | Interest Earned | RP-9 | 13987.00 |
| 320000000 | Grants, Funds & Contributions for Specific | RP-31 | 16101545.00 |

| | | | |
|---|---|---|---|
| | Purposes | | |
| 350000000 | Other Liabilities | RP-36 | 698539.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 14465.00 |
| 340000000 | Deposits Received | RP-34 | 100759.00 |
| 350000000 | Other Liabilities | RP-36 | 106159.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 27659583.00 |
| 460000000 | Loans, Advances and Deposits | RP-47 | 222911.00 |
| | **Grand total** | | **146211605.00** |
| | PAYMENTS | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3591200.00 |
| 220000000 | Administrative Expenses | RP-12 | 1649993.00 |
| 230000000 | Operations & Maintenance | RP-13 | 598102.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8628352.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 37333064.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 8963606.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 518437.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 154463.00 |
| 255000000 | Maintenance Projects | RP-20 | 3302097.00 |
| 280000000 | Prior Period item | RP-26 | 115899.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 854317.00 |
| 350000000 | Other Liabilities | RP-36 | 696044.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 6.00 |
| 340000000 | Deposits Received | RP-34 | 276238.00 |
| 350000000 | Other Liabilities | RP-36 | 179248.00 |
| 410000000 | Fixed Assets | RP-38 | 13477904.00 |
| 412000000 | Capital work in Progress | RP-40 | 13108794.00 |
| 460000000 | Loans, Advances and Deposits | RP-47 | 422988.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 52340853.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **146211605.00** |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Irikkur Block Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 200699.00 |
| 140000000 | Fee & User Charges | I-4(b) | 125379.00 |
| 150000000 | Sale & Hire Charges | I-5(b) | 301758.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 20187.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 87515361.00 |
| 171000000 | Interest Earned | I-8 | 13987.00 |
| 180000000 | Other Income | I-9 | 14465.00 |
| | **Total Income** | | **88191836.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3690284.00 |
| 220000000 | Administrative Expenses | I-11(b) | 1649993.00 |
| 230000000 | Operations & Maintenance | I-12(b) | 598102.00 |
| 240000000 | Interest & Finance Charges | I-13 | 6.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9095724.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 37093064.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 8759282.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 518437.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 154463.00 |
| 255000000 | Maintenance Projects | I-14(e) | 3302097.00 |
| 272000000 | Depreciation | I-17(a) | 7247219.00 |
| | **Total Expenditure** | | **72108671.00** |
| | **Gross Surplus/ Deficit of income over Expenditure** | | **16083165.00** |
| 280000000 | Prior Period Item | I-18 | 22698809.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-6615644.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Irikkur Block Panchayat<br>BALANCE SHEET As on 31-March-2019 | | | |
|---|---|---|---|
| Code.No. | Description of Items | Schedule No. | Amount |
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 13581592.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 75136311.00 |
| | **Total Reserve & Surplus** | | **88717903.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 51047903.00 |
| | **Total Grants, Contributions for Specific Purposes** | | **51047903.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 675208.00 |
| | **Total Loans** | | **675208.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1007632.00 |
| 350000000 | Other Liabilities | B-9 | 48570.00 |
| | **Total Current Liabilities and Provisions** | | **1056202.00** |
| | **TOTAL LIABILITIES** | | **141497216.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 105022550.00 |
| 411000000 | Accumulated Depreciation | B-11 | -23536256.00 |
| 412000000 | Capital Work in Progress | B-11(a) | 6748011.00 |
| | **Total Fixed Assets** | | **88234305.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 8550.00 |
| 440000000 | Pre-paid Expenses | B-16 | 675208.00 |
| 450000000 | Cash and Bank Balance | B-17 | 52340853.00 |
| 460000000 | Loans, Advances and Deposits | B-18 | 238300.00 |
| | **Total Current Assets, Loans and Advances** | | **53262911.00** |

| | | |
|---|---|---|
| | **Other Assets** | |
| | **Miscellaneous Expenditure (To the Extent not written off)** | |
| | | |

| | | |
|---|---|---|
| | TOTAL ASSETS | 141497216.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ